16·4

TB242123S

Reg. No :..............................

Name :..............................

BACHELOR'S DEGREE (C.B.C.S) EXAMINATION, MARCH 2024

2023 ADMISSIONS REGULAR

SEMESTER II - COMMON COURSE 2 (MALAYALAM )

MA2A03B23 - Kavitha

Time : 3hrs Hours

Maximum Marks : 80

## Part A

**I. അരപ്പുറത്തിൽ കവിയാതെ (50 വാക്ക് ) ഏതെങ്കിലും പത്തുചോദ്യത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 മാർക്ക് വീതം .** **(10x2=20)**

1. "കേവലം മൺതുരുമ്പിൽ കിടപ്പൂ ദേവലോകം തുറന്നിടും തക്കോൽ"- സന്ദർഭമെന്ത്?
2. "പോരുമിത്തിരി മെയ്യിന്, സർവ്വം പോരാ, മാനുഷസത്ത പുലർത്താൻ"- ആശയം വിശദമാക്കുക
3. 'ഇതെന്തു നീതി ഇതെന്തു ഞായം '-സൂചനയെന്ത്?-വിശദമാക്കുക.
4. 'താളംതുള്ളുന്ന കുഞ്ഞിനുംതെറ്റി താളം'- എപ്പോൾ?-വിവരിക്കുക.
5. 'ഒന്നും തിന്നാനില്ലാത്തവൻ നിലവിളിക്കുമ്പോൾ ഇത് പറഞ്ഞുകൊടുക്കാൻ കൊള്ളാം '- വിശദമാക്കുക .
6. മുള്ളൻപന്നിയെ മത്സ്യാവതാരമല്ലാതാക്കിയതെന്ത്?-വിശദമാക്കുക.
7. 'കൊട്ടിയടയ്ക്കും കരിങ്കൽത്തുറുങ്കുകൾ '- എന്തിന് ? വിശദമാക്കുക.
8. 'പുഴയ്ക്ക് മീതെ കിടന്ന് അതിലൂടെ ഒരു കണ്ണടച്ചു നോക്കുന്നു'- ആര്? വിശദമാക്കുക
9. "നിൻറെ വീട്, കല്ലിൽ പണിതു മിനുക്കിയ ശിൽപ്പം"- ആരുടെ വീട്? വിശദമാക്കുക
10. 'അറിവില്ലായ്മയുടെ ഭാരക്കുറവിൽ അത് പറക്കുന്നു'- ഏത്? വിശദമാക്കുക
11. 'ദേഹം മുഴുവൻ പ്രകാശിക്കുന്ന ചോരയാണെന്ന് അന്ന് ധരിച്ചു '- എന്ന് ? വിവരിക്കുക
12. 'ഒരു കവിത ഇന്ന് ഞാനെഴുതും '- സന്ദർഭം വിവരിക്കുക

## Part B

**II. ഒന്നരപ്പുറത്തിൽ കവിയാതെ (150 വാക്ക് ) ഏതെങ്കിലും ആറുചോദ്യത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 5 മാർക്ക് വീതം .** **(6x5=30)**

13. 'മരണത്തിൽ അവസാനിക്കുന്ന പ്രണയമാണ് ലീലയുടേത്' -വിശകലനം ചെയ്യുക?
14. തള്ളക്കോഴി കുഞ്ഞുങ്ങൾക്കു നൽകുന്ന ഉപദേശങ്ങൾ ഏവ?
15. 'ചട്ടങ്ങൾ മാറ്റൂ,ചൊല്ലുകളും' -ഈ ആശയത്തെ നിങ്ങൾ എങ്ങനെ വിലയിരുത്തും?
16. സർഗ്ഗപ്രക്രീയയിൽ പരിസ്ഥിതി എങ്ങനെ ഇടപെടുന്നുവെന്ന് 'തിരുത്ത്'എന്ന കവിതയെ മുൻനിർത്തി വിവരിക്കുക.
17. പരിസ്ഥിതിയുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ശബ്ദമാണ് ആടിയാടി അലഞ്ഞ മരങ്ങളിലൂടെ കവി രേഖപ്പെടുത്തുന്നത്- വിശകലനം ചെയ്യുക
18. മൃഗജീവിതത്തിൻറെ താളങ്ങളിലേക്ക് യാത്രയാവുന്ന മനുഷ്യനെ 'നാഷണൽ ജ്യോഗ്രഫി' അടയാളപ്പെടുത്തുന്നത് എങ്ങനെ?
19. 'സ്മാരകമായി ഉയർന്നു വന്നേക്കാവുന്ന മരം' - അപ്പൂപ്പൻതാടിയുടെ യാത്ര വിശദമാക്കുക
20. ചിത്രകലയുടെ ലോകം 'ഗോതമ്പുശില്പം' എന്ന കവിതയിൽ അവതരിപ്പിക്കുന്നത് എങ്ങനെ?
21. പഴയതിനെക്കുറിച്ചുള്ള ഓർമ്മ 'പഴയചിലത് ' എന്ന കവിതയിൽ രേഖപ്പെടുത്തുന്നത് എങ്ങനെ?

## Part C

**III. നാലുപുറത്തിൽ കവിയാതെ (400 വാക്ക് ) ഏതെങ്കിലും രണ്ടുചോദ്യത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 15 മാർക്ക് വീതം .** **(2x15=30)**

22. പ്രണയത്തിൻറെ അനശ്വരത "മാംസനിബദ്ധമല്ല രാഗം"- പാഠഭാഗത്തെ ആസ്പദമാക്കി വിശദീകരിക്കുക
23. സ്ത്രീയുടെ നിസ്സഹായതയും ശൗര്യവും പ്രതികാരവുമെല്ലാം 'മൃഗശിക്ഷകനി'ൽ കാണാം - ഈ അഭിപ്രായം പരിശോധിക്കുക.
24. 'പഴഞ്ചൊല്ലുകൾ' എന്ന കവിതയുടെ പുനർവായനകൾ ക്രോഡീകരിക്കുക .
25. കെ.ആർ . ടോണിയുടെ 'വാഴക്കുല' എന്ന കവിത അടയാളപ്പെടുത്തുന്ന വിവിധ സാമൂഹിക വിഷയങ്ങൾ ചർച്ചചെയ്യുക.

ST. TERESA'S COLLE... LIBRARY